[Mr. M. N. Paramesvaran Pillai.]

take from the people more than what they actually get out of their lands.

It may then be contended and that most rightly too, that the proposed abolition of export duty on cocoanut products would inevitably bring about a reduction in the treasury receipts by 9 or 10 lakhs of rupees a year and the remission of a 50 per cent. of the land tax would likewise cause a fall of about 16 lakhs of rupees in the State revenue. Representatives of the people as we are, it is equally our duty to suggest means to get over such a deficit. It is in this spirit that at the conference held by us in this very hall we formulated certain concrete proposals and placed them before Government for their acceptance. The chief means to get over this financial difficulties is, as I said yesterday, to abolish all the unnecessary posts in our public service and to reduce the fat salaries, allowances and huge pensions disbursed from the public treasury. Then again the Assembly and this Council have just now passed the Matches Excise Duty Bill. From this source our Government expect a revenue of 3 to 4 lakhs of rupees every year. In view of these circumstances I ask you, Sir, in all earnestness, whether it will not be possible for the Government to abolish the export duty on cocoanut products altogether. With these few words I have great pleasure in supporting the resolution moved by Mr. G. Narayana Aiyar.

PRESIDENT: The House will now adjourn and meet again at 1-45 of the clock.

The Council adjourned for lunch at 1-5 P. M. and reassembled at 1-45 P. M., Mr. K. P. Nilakanta Pillai, one of the panel of Chairmen, presiding.

NEW MEMBER.

MR. M. P. MADHAVAN PILLAI (*Tiruvalla cum Pattanamtitta*): took the oath of office and signed the rolls.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

CHAIRMAN: The House will resume the discussion on the resolution.

MR. M. N. NARAYANA MENON: സർ; മിസ്റ്റർ നാരായണ അയ്യർ ഇവിടെ ഹാജരാക്കിയ പ്രമേയത്തെ ഞാൻ ഹാർട്ടായി പിൻതാങ്ങിക്കൊള്ളുന്നു. കൊപ്രായുടേയും അതു പോലെ തെങ്ങിൽനിന്നു കിട്ടുന്ന മറ്റു സാധനങ്ങളുടേയും താഴ്ച്ച വിലയെ സംബന്ധിച്ച് അസംബ്ലിയിലും ഇതിനു മുൻപു നടന്ന പഴയ കൌൺസിലുകളിലും ധാരാളം വാദപ്രതിവാദങ്ങളും നടത്തിയിട്ടുണ്ട്. ഇന്ന് ഈ രാജ്യത്തു ജനസാമാന്യത്തിന്റെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള ഇതു സർവ്വപ്രധാനമായ മറ്റൊരു സംഗതിയും ഉണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെയുള്ള ഒരു പ്രശ്നത്തെ സംബന്ധിച്ച് ഇത്ര വലിയ വാദപ്രതിവാദം നടത്തേണ്ടിവരുമെ

LIBRARY ARCHIVES Kerala Legislative Assembly

ന്ന് ഞാൻ വിചാരിച്ചിരുന്നില്ല. കൊപ്രായുടേയും തേങ്ങായുടേയും മറ്റും തീരുവ കുറച്ചാൽ ഗവണ്മെൻറിനു പത്തുലക്ഷത്തോളം വരുന്ന മുതലെടുപ്പ് നഷ്ടപ്പെടുമെന്ന് ഗവണ്മെൻറ് ഭയപ്പെടുന്നു. ഇതിനെ പരിഹരിക്കുവാനുള്ള മാർഗ്ഗമെന്തെന്നാണ് ഇനി ആലോചിക്കേണ്ടതു്. ഗവണ്മെൻറിനു ഉണ്ടാകുന്ന നഷ്ടത്തെ ഏതേതെല്ലാം ഇനങ്ങളിൽക്കൂടി പരിഹരിക്കപ്പെടാമെന്നുള്ളതിനെപ്പറ്റി എന്റെ പല മാന്യസ്നേഹിതന്മാരും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. സിലോണിൽ നിന്നും ഇവിടെ ഇറക്കുന്ന പുകയിലയ്ക്കു കൂടുതൽ തീരുവ ചുമത്തുന്ന പക്ഷം അതുകൊണ്ട് ഗവണ്മെൻറിന്റെ നഷ്ടത്തിൽ ഒരംശം പരിഹരിക്കപ്പെടുന്നതാണ്.

MR R. NILAKANTA PILLAI അങ്ങിനെ ഏറ്റവും പുകയിലയ്ക്ക് ഇപ്പോഴുള്ള തീരുവയേക്കാൾ കൂടുതൽ തീരുവ ചുമത്തുന്നപക്ഷം ആ പുകയില തീരെ ചിലവാകാതേയും തൻനിമിത്തം അവയിൽനിന്നും സ്യൂട്ടി കിട്ടാതേയും വരികയില്ലേ!

MR. M. N. NARAYANA MENON: ഒരിക്കൽ തൊണ്ണൂറു രൂപായിൽ നിന്നും തൊള്ളായിരം രൂപാ ആയി തീരുവ വർദ്ധിച്ചിട്ടും പുകയിലയ്ക്ക് ചിലവു ധാരാളം ഉണ്ടായിരുന്ന സ്ഥിതിക്ക് ഇനിയും തീരുവ കൂട്ടുന്ന പക്ഷം പുകയിലയ്ക്കു ചിലവു കുറയുമെന്ന് ഞാൻ ഭയപ്പെടുന്നില്ല.

MR. M. GOVINDAN: പുകയിലയ്ക്കു തീരുവ കൂട്ടുകയാണെന്നു വന്നാൽ പുകയില മുറുക്കുന്നവർ തെങ്ങുകൃഷിക്കാരായ ധാരാളമുണ്ട്. ഡ്യൂട്ടിക്രട്ടിയാൽ അതിനനുസരിച്ച് തെങ്ങുകൃഷിക്കാർക്ക് കൂടുതൽ ധനം ചിലവാക്കേണ്ടി വരികയില്ലേ!

MR. M. N. NARAYANA MENON: ഞാൻ പറഞ്ഞതു് മുഴുവൻ എന്റെ മാന്യസ്നേഹിതൻ ശ്രദ്ധിച്ചിരുന്നു എങ്കിൽ ഈ ചോദ്യത്തിനു് ഇടവരികയില്ലായിരുന്നു. ഗവണ്മെൻറിനു കൂടുതലായ തിരുവ ചുമത്തുവാൻ വേറെയും ഇനങ്ങളുണ്ട്.

MR. M. GOVINDAN: സർ, എന്റെ ചോദ്യത്തിനു ഇതുവരെയും മറുപടി കിട്ടിയില്ല.

CHAIRMAN: Please sit down. Mr. Govindan, you may repeat the question. Any member can put a question and the member who is in possession of the House may answer. Of course, it is left within the discretion of the member to answer the question or not to answer it. But I may inform the members that propriety requires that a question should be answered.

MR. M. N. NARAYANA MENON: സർ, ആ ചോദ്യത്തിനു ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞു. ഗവണ്മെൻറിലേക്കു പുതിയ രണ്ടുമൂന്നിനങ്ങളിലായി ഇപ്പോൾ കൂടുതൽ നികുതി കിട്ടുന്നുണ്ട്. അതിൽ നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Narayana Menon.]

കൊച്ചീതുറമുഖത്തിന്റേതാണ്. മുൻപു ഇല്ലായിരുന്ന ഒരു ആദായ മാണിതു്. അതുപോലെ തന്നെ പെടറോൾ തീരുവയുംഇപ്പോൾ പുതിയതായി കിട്ടുന്നുണ്ടു്. ഇങ്ങനെ നോക്കുമ്പോൾ തെങ്ങിന്റെ ഉല്പന്നങ്ങളിന്മേലുള്ള തീരുവ നിറുത്തുന്നപക്ഷം ഉണ്ടാകാവുന്ന പത്തു ലക്ഷം രൂപയോളം വരുന്നനഷ്ടം മറുപലതുള്ളതിൽ നിന്നും ഗവണ്മെൻറിനു നികത്തുവാൻ കഴിയുമെന്നാണു് എനിയ്ക്കു അതേപ്പറ്റി പറയാനുള്ളതു്. പലപരിഷ്കൃതരാജ്യങ്ങളിലും നടപ്പില്ലാതിരിക്കുന്ന ഒരു നികുതിയാണു് കൊപ്രായെസംബന്ധിച്ചു് ഇവിടെ നാം നടപ്പിൽ വരുത്തിയിരിക്കുന്നതു്. എന്റെ മാന്യസ്നേഹിതൻ മി: കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞ ഒരഭിപ്രായം എനിക്കും ഇവിടെ പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞവഷം കൌൺസിൽസമയത്തു നമ്മുടെ എക്സ്ചെയഞ്ച്കമ്മിഷണരോടു ഞാൻ അദ്ദേഹത്തിനു അറിയാമായിരുന്നോ അറിയാമായിരുന്നില്ലയോ എന്നു ചോദിച്ചിട്ടു അറിയാൻ പാടില്ല എന്നു പറഞ്ഞ ഒരു സംഗതി അതായതു് സിലോണിൽ കൊപ്രാക്കു് കയറ്റുമതി തീരുവ ചുമത്തുന്നുണ്ടോ ഇല്ലയോ എന്നു കഴിഞ്ഞ കൌൺസിലിൽ ഒരുചോദ്യം ചോദിച്ചിട്ടു ഒരു പന്ത്രണ്ടു ദിവസത്തിനു മുൻപുമാത്രമേ ഈ ചോദ്യം കിട്ടിയുള്ളു എന്നും അതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ശരിയായ മറുപടി പറയുവാൻ നിവൃത്തിയില്ല എന്നു കമ്മിഷണർ ഉത്തരം പറഞ്ഞിരിക്കുന്നു. രാജ്യം ഒട്ടേക്കു വിഷമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കൊപ്രാ, തേങ്ങാ മുതലായ ഉല്പന്നങ്ങളുടെ തീരുവ വില മുതലായവയെപ്പറ്റി വേണ്ടവിധത്തിൽ അറിഞ്ഞു ഗവണ്മെൻറിനെ ധരിപ്പിച്ചു് ജനങ്ങളെ സഹായിക്കുവാൻ ചുമതലപ്പെട്ട ഒരു ഗവണ്മെൻറു മെമ്പറിൽനിന്നും ഈ വിധത്തിൽ ഒരു മറുപടി ലഭിച്ചതിൽ എനിക്കു വളരെ അനുകമ്പതോന്നുന്നു. അതു എങ്ങനെയും ഇരിക്കട്ടേ; ഈ താരിപ്പുവിലയും മാക്കറുവിലയും തമ്മിൽയാതൊരു സാമ്യവും ഇല്ല. ആയിരം തേങ്ങക്കു് ഇരുപത്തഞ്ചു രൂപാ വിലയായിരിക്കുമ്പോൾ നാല്പതു രൂപായാണു് അതിന്റെ താരിപ്പുവില. ഇതു് തീരെശരിയല്ല, റബ്ബറിനോ, തേയിലക്കോ, ഇങ്ങനെവച്ചിരുന്നെങ്കിൽ തോട്ടക്കാർ ധാരാളം പ്രക്ഷോഭണം നടത്തി ഗവണ്മെൻറിൽ നിന്നും സങ്കടപരിഹാരം വരുത്തുമായിരുന്നു. തെങ്ങുകൃഷിക്കാർ നാട്ടുകാരായതുകൊണ്ടു് ഗവണ്മെൻറു അവരുടെമേൽ കടുംകൈകൾ പ്രവർത്തിക്കുകയും അവർ അതിനെ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതു് നിയമപ്രകാരമുള്ള ഒരു പിടിച്ചുപറി (Lagalised Decoity) യാണെന്നല്ലാതെ എനിക്കു് യാതൊന്നും പറയാനില്ല. ഈ സമ്പത്തി

LIBRARY ARCHIVES Kerala Legislative Assembly

കായ്പ്പെതന കാലത്തു് ഗവണ്മെൻറു ഈ ഇനത്തിൽനിന്നു കുറെകൂടി രൂപ കുറച്ചാൽ ആ സംഗതി ഗവണ്മെൻറിന്നു് ജനങ്ങളോടു സഹതാപം ഉണ്ടെന്നു കാണിക്കുവാനെങ്കിലും മതിയാകുന്നതാണു്. മി: നാരായണയ്യർ ഇവിടെ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ ഞാൻ ഹാർദ്ദമായിപിൻതാങ്ങുന്നു.

MR. M. GOVINDAN: Sir, I was listening with great interest to the discussion on the resolution and I have gathered much information on this very complicated question. I find from the discussion that the subject of to-day's resolution can be easily split up into two, the first part dealing with cocoanut produce *i. e.*, copra and other products of copra and the second part dealing with coir yarn and the articles manufactured out of yarn, *viz.*, mats and mattings. Now the two parts stand on two different footings. That is what I see from the discussion. From the Excise Commissioner's reply, one can see that the Government is prepared to concede that the duty on copra falls on the producer himself and not on the consumer and the Travancore cultivator is getting only Rs. 18 per thousand cocoanuts when the Cochin cultivator is getting Rs. 20. There is absolutely no justification for the Travancore cultivator getting a lower price when his neighbour is getting more and so far as that is concerned what the Government say is that they will reduce the tariff rate which will mean a little increase in the price. But why should there not be the abolition of this particular duty. It brings in only less than 3 lakhs out of the 9 lakhs of total revenue under this head that we get from duty on copra. If it is 3 lakhs, we made provision yesterday for a new income of 3 lakhs in the case of matches. The imposition of duty on copra is such an unjust thing and against the usually accepted principles of fiscal laws that I think the Government ought to be prepared not to adopt only half way measures by a gradual reduction of tariff but to abolish it completely.

Then with regard to coir yarn the Excise Commissioner has given a reason which appears to me to be convincing. I wanted to bring it to the notice of the House by means of a question but my friend on the other side characterised my question as a lecture and I was not able to finish it properly and bring home to the House the importance of the question. Now for instance the coir that is known in the market as Anjengo coir is the fine coir which we produce in Travancore though in the market it is known as Anjengo coir. That coir is being purchased by Europeans and they want their mats and matting industry there to compete with our mats and matting industry in Travancore. On this coir we are having duty. We are the only producers of this coir. In other parts of the world they do not produce this fine variety. We have the monopoly of the produce.

MR. K. MADHAVAN PILLAI: Granting that it is a monopoly, what will be the effect of high prices on account of duty in foreign markets?

LIBRARY ARCHIVES Kerala Legislative Assembly

MR. M. GOVINDAN: The effect will be if they want to manufacture mats and mattings out of this produce, we are the only producers and we will be benefited.

MR. K. MADHAVAN PILLAI: Is it not likely that high price will tempt people to go in for substitutes?

MR. M. GOVINDAN: My argument is based on the assumption that we have the monopoly for such yarn.

MR. K. MADHAVAN PILLAI: By imposing this duty will we not be giving room for intelligent people elsewhere to find proper substitute for our yarn. If Government ought to continue the export duty should they not give us the assurance that we are certain to continue our monopoly. On the other hand if the duty is raised is it not possible to send this article at cheaper rates to foreign markets?

MR. M. GOVINDAN: On the face of it, it is quite clear that it will be so and we will be able to send it cheaper. But the additional duty Government are getting is profit. Why not Government derive that profit if we are assured that there is no competition.

MR. C. O. MADHAVAN: What will be the effect of that on our mat and matting industry?

MR. M. GOVINDAN: It will be indirectly killing our industry They will be able to compete successfully with our mat and matting industry. That was the argument of the Excise Commissioner. I think viewed in that way our mats and mattings industry requires protection and we will be gaining this advantage by retaining the export duty. The whole thing however is built on the assumption that we have a monopoly for fine coir and so far as I know we have it and so I am not in a position to support the resolution as it is worded.

MR. K. MADHAVAN PILLAI: Does Mr. Govindan suggest that the resolution should be split up into two?

MR. M. GOVINDAN: That is my suggestion, if it is permissible it can be split up into two. The first portion relates only to copra and its products.

MR. K. K THOMAS: I wish to move an amendment.

MR. G. NARAYANA AIYAR: I have no objection in splitting it into two.

MR. K. K. THOMAS: I have not given notice of the amendment. But I have now handed over the amendment. But the President may exercise his powers.

MR. M. GOVINDAN: Can we bring in an amendment of which no notice has been given?

CHAIRMAN: Let the member finish his speech.

MR. M. GOVINDAN: I have finished my speech.

MR. K. K. THOMAS: The discussion has reached a stage at which—

LIBRARY ARCHIVES Kerala Legislative Assembly

CHAIRMAN : Is the member in a position to say the Rule or Standing Order under which he moves that amendment ?

M. K. K. THOMAS : Para 152, Page 43 of the Council Manual.

"If notice of an amendment to any resolution has not been given two clear days before the day on which the resolution is moved, any member may object to the moving of the amendment and such objection shall prevail unless the President in the exercise of his powers to suspend this Standing Order allows the amendment to be moved."

CHAIRMAN : I may just ascertain the views of the Law Member whether that amendment is admissible at this stage.

MR. KAYALAM PARAMESVARAN PILLAI : I think it is better that he writes the amendment on a paper so that we may determine whether it is admissible or not.

CHAIRMAN : Please read the amendment.

MR. K. K. THOMAS : Seeing that the discussion has reached such a stage I propose to move an amendment to the resolution.

Add after the preamble:—

"That a committee consisting of officials and non-officials be formed to investigate and report upon the advisability of abolishing export duty on cocoanut products."

CHAIRMAN : That being an amendment which is not strictly an amendment to the resolution and which in itself is independent, I rule that the amendment cannot be allowed to be moved at this stage of the discussion of the resolution.

MR. K. K. THOMAS : Can I speak now ?

CHAIRMAN : Permission is withheld to the amendment.

MR. K. K. THOMAS : I am not speaking on the amendment. I am speaking on the resolution before the House.

Having heard both the sides, the Government and the non-officials I fear that we, as a revising body, will be taking a risk if we press the resolution to the acceptance of the House. A very strong case has been made by the non-official side for the abolition of the export duty and at the same time I am able to gather from the speech made by the Excise Commissioner that this subject is not free from great risks and that it may involve the struggling industries, coir and coir matting, in very great difficulties in future years. Such being the case I attempted to allow the House an opportunity to know what experts after mature consideration of the various problems relating to these matters have to say and then come to a decision as to whether it will be in keeping with the prestige and duties of this House to press for the abolition of export duty on *all* cocoanut products which may also involve the Government in a loss of Rs. 12 lakhs at this period of economic depression. But seeing that I was not wise enough to move the amendment early enough by giving notice of it in proper time I can only request the members of this House to consider well whether we are right in pressing this motion to a division. All the details regarding the result of the abolition of the export duty on coir mats and mattings for

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Thomas]

which, as we have learned from the Excise Commissioner, we have almost a monopoly and the abolition of which is not going to benefit the producers in any way while at the same time by the abolition of the export duty on copra only the producers may be benefited, I request that Government may consider the position taken by the non-official side on the abolition of the duty on copra and view the question sympathetically and at the same time retain export duty on coir mats and mattings only after very close and careful examination of the various aspects of this question.

MR. S. PIRAVIPERUMAL PILLAI: I beg permission to move an amendment to this resolution to the effect that after the words "cocoanut products" and before "be" the words "excepting coir yarn and matting" be introduced.

MR. C. O. MADHAVAN: May I inform the member that there is no duty on mattings?

CHAIRMAN: What is exactly your amendment, Mr. Piravi perumal Pillai?

MR. S. PIRAVIPERUMAL PILLAI: The words "excepting coir yarn and coir fibre" be inserted after the words "cocoanut products" and before the word "be".

MR. M. GOVINDAN: Sir, I have written the amendment which I have moved.

CHAIRMAN: Please wait. We shall proceed with the amendments one by one.

Is there any honourable member who opposes that amendment?

MR. M. N. PARAMESVARAN PILLAI: I oppose it.

MR. KAYALAM PARAMESVARAN PILLAI: He is only asking permission to move that amendment.

CHAIRMAN: "If notice of amendment to any resolution has not been given two clear days before the day on which the resolution is moved, any member may object to the moving of the amendment and such objection shall prevail unless the President in the exercise of his powers to suspend this Standing Order allows the amendment to be moved."

I think that that amendment is in order and I accord permission to the member to move it.

MR. S. PIRAVIPERUMAL PILLAI: Sir, I move that the words "except coir yarn and fibre" be inserted after the words "cocoanut products" and "be" in the resolution. If that is inserted the resolution will read thus —

"This Council recommends to the Government that, in view of the disastrous economic depression and in view of the abnormal fall in the price of cocoanut products and the difficulty experienced in maintaing cocoanut gardens from their proceeds, the export duty on cocoanut products except coir yarn and fibre be completely abolished till normal conditions are restored."

LIBRARY ARCHIVES Kerala Legislative Assembly

MR. M. GOVINDAN: Sir, may I move an amendment to that amendment?

CHAIRMAN: The Chair has given permission to move that amendment and if there is no one to support that, that amendment will fall. Therefore, there may not be any necessity to make a further amendment to that amendment. So I request the member to wait for sometime more and see the result of the amendment.

MR. S. PIRAVIPERUMAL PILLAI: Sir, my object in moving this amendment is to bring some relief to the producers and those engaged in the cocoanut industry. This House has discussed this resolution and if I understand correctly the Government member also made us feel that the only difficulty on the part of the Government is that if coir yarn and fibre are not excluded the yarn industry will suffer a great deal. Therefore with a view to practically make some suggestion by Government, so that those engaged in the cocoanut industry may really be benefited I have moved this amendment and I trust honourable members will second, support and carry this amendment.

MR. K. GEORGE: Is the member going to exclude cocoanut husks also?

MR. S. PIRAVIPERUMAL PILLAI: No, Sir. The resolution is very clear. It is coir, coir fibre, and coir yarn.

CHAIRMAN: Is there anybody to second that amendment?

The amendment was not seconded.

CHAIRMAN: That amendment falls and the House will resume the discussion on the original resolution.

MR. M. GOVINDAN: I propose to move another amendmnt, *i. e.*, after 'cocoanuts' delete 'products' and substitute 'and copra' instead. Delete 'till normal conditions are restored' at the end.

CHAIRMAN: Honourable members will kindly take note of the fact that Standing Order 52 is one which enables the President when an occasion demands to waive or suspend other rules regulating the motion regarding amendments and allow the member to move the amendments without the notice required by the Rules and Standing Orders. I simply wanted to enable the members to have ample opportunities to discuss the resolution and I wanted also to permit the amendment of Mr. Piraviperumal Pillai thinking that the amendment is not in any way going against the resolution as moved by Mr. Narayana Aiyar. So simply to give an opportunity to the House I allowed that member to move the amendment suspending the provisions which require notice. Now the amendment for which permission is sought for by Mr. Govindan is substantially the same as that moved by Mr. Piraviperumal Pillai and the House will note that the amendment of Mr. Piraviperumal Pillai fell through because there was no one to second it. In the light of that, I rule that permission is not given to the member to move the amendment.

LIBRARY ARCHIVES Kerala Legislative Assembly

MR. M. GOVINDAN: My amendment is also to delete the expression "till normal conditions are restored".

MR. M. N. PARAMESVARAN PILLAI: A point of order. When the Chair has disallowed an amendment whether the member can further explain his amendment ?

CHAIRMAN: When the Chair refused permission to move an amendment, the Chair understood the amendment. I have already said that thre was substantially no difference between the amendment moved by Mr. Piraviperumal Pillai and the one proposed by Mr. Govindan. Since the amendment of Mr. Piraviperumal Pillai fell, that of Mr. Govindan is not allowed to be moved.

MR. N. K. PADMANABHA PILLAI (*Neyyattinkara cum Nedumangad*) സർ, മിസ്റ്റർ. നാരായണഅയ്യർ ഇവിടെ ഹാജരാക്കിയ റസല്യൂഷനെ ഞാനും പിൻതാങ്ങുന്നു. തേങ്ങയുടെ വില ക്രമത്തിലധികം കുറഞ്ഞിരിക്കുന്നതുകൊണ്ട് ഈ നാട്ടിലുണ്ടായിട്ടുള്ള ദുരിതങ്ങൾ ഇന്നതെല്ലാം ആണെന്ന് ഈ നാട്ടിലുള്ള വക്കീല്മാരുൾപ്പെടെ വിശേഷിച്ച് ഗവണ്മെൻറിനും ബോദ്ധ്യമുണ്ടായിട്ടുണ്ട്. തേങ്ങായുടെ വിലകുറവുനിമിത്തം സർക്കാരിനുള്ള കരം കൊടുക്കുവാൻപോലും നിവൃത്തിയില്ലാതെ വിഷമിക്കുന്നതുകൊണ്ടു ഗവണ്മെൻറിൽ നികുതി ഇളവാകാതെവരികയും തൻമൂലം പ്രത്യേകം നിഷ്ക്കർഷ ചെയ്തതിൻറെ ഫലമായി പാവപ്പെട്ട കുടിയാന്മാർ ഓരോ വീട്ടിലും കയറി കരത്തിനുവേണ്ടി സാമാനങ്ങൾ ജപ്തിചെയ്തുകൊണ്ടുപോവുകയും ചെയ്തുവരുന്നതു് വളരെസാധാരണയാകുന്നു. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ തേങ്ങയുടെ വില കൂട്ടിക്കിട്ടണമെന്നുള്ളതിലേക്കാണു ഈ റസല്യൂഷൻ കൊണ്ടുവന്നിട്ടുള്ളതു്. ഈ താരിപ്പുവില ഇല്ലാതാക്കുന്നപക്ഷം തേങ്ങയുടെ വില കൂട്ടുമെന്നാണ് ഞങ്ങളുടെ ബോദ്ധ്യം. ഇതിൽ ഗവണ്മെൻറിന് ഏതെങ്കിലും തുക നഷ്ടംവരുന്നു എങ്കിൽതന്നെയും ജനങ്ങളുടെ സുഖത്തിനും അഭിവൃദ്ധിക്കും വേണ്ടി അതു് ഗവണ്മെൻറു വകവെച്ചു കൊടുക്കേണ്ടതാണ്. താരിപ്പുവില ഇല്ലാതാക്കുന്നതുകൊണ്ട് ഗവണ്മെൻറിന് ഏതാണ്ടു പത്തുലക്ഷം രൂപാ നഷ്ടംവരുമെന്ന് പറയുന്നു. തീപ്പെട്ടിത്തീരുവകൊണ്ടു അതിൽ ഏതാണ്ടു് മൂന്നുലക്ഷംരൂപാ ലാഭംവരുമെന്നു ഗവണ്മെൻറുതന്നെ സമ്മതിച്ചിട്ടുണ്ട്. ഇങ്ങിനെ ജനങ്ങൾക്കു് അധികം ദോഷവും നഷ്ടവും വരാതിരിക്കത്തക്കവിധത്തിൽ ഗവണ്മെൻറിനുണ്ടാകാവുന്ന നഷ്ടത്തെ പരിഹരിക്കാവുന്നതാണ്. ഏതു നിലയിലായാലും ഈ താരിപ്പുവില കുറയ്ക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. N. VISVANATHA PILLAI : സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. ഈ പ്രമേയം അസംബ്ലിയിൽ ഹാജരാക്കി പാസ്സാക്കിയപ്രമേയവുമായി താരതമ്യപ്പെടുത്തിയാൽ വളരെ മിതമായിട്ടുള്ള തെന്നാണെന്നു കാണാം. അസംബ്ലിയിൽ പാസ്സാക്കിയ പ്രമേയം Co-coanut products ൽ നിന്നുള്ള ഡ്യൂട്ടി എടുത്തുകളയണമെന്നുള്ളതാണു്. എന്നാൽ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന പ്രമേയമാകട്ടെ 'normal conditions restore' ചെയ്യുന്നതുവരെമാത്രം തെങ്ങിൻറെ ഉല്പന്നങ്ങൾക്കുള്ള തീരുവ എടുത്തുകളയണമെന്നേയുള്ളു. ഇതു് രാജ്യത്തിൻറെയും ജനങ്ങളുടേയും ഇപ്പോഴത്തെ സ്ഥിതികളെ പരിഗണിക്കുമ്പോൾ ഏറ്റവുംമിതമായ ഒരു പ്രശ്നമാണെന്നുള്ളതിനു് സംശയമില്ല. നമുക്കു സാധാരണയായി ഇപ്പോൾകിട്ടിവരുന്ന തേങ്ങയുടെ വില എത്രയാണ്ടു് പതിനഞ്ചു രൂപായാണു്. എന്നാൽ തിരുവിതാംകൂറിലെപോലെ നാളികേരത്തിനു് എക്സ്പോർട്ട് ഡ്യൂട്ടിഇല്ലാത്ത കൊച്ചിയിൽ ഇതേസമയം കിട്ടിവരുന്നവില എന്താണെന്നു് ഈ പ്രമേയം അവതരിപ്പിച്ച മിസ്റ്റർ നാരായണഅയ്യർ തന്നെ ഇവിടെപ്രസ്താവിക്കയുണ്ടായി. എത്രയാണ്ടു മുപ്പതുരൂപായാണു് അവിടെ കിട്ടുന്നതു്. അതായതു് നമുക്കുകിട്ടുന്ന വിലയുടെ ഇരട്ടി അവർക്കുകിട്ടുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ഈ എക്സ്പോർട്ട് ഡ്യൂട്ടിമൂലം നമുക്കു് ഇപ്പോൾകിട്ടിക്കൊണ്ടിരിക്കുന്ന വിലയേക്കാളും തന്നെ നാം നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നതു്.

MR. KOMILEZHATHU SANKARAN : തിരുവിതാംകൂറിൽ തേങ്ങയ്ക്കുകിട്ടുന്നവിലയുടെ ഇരട്ടി കൊച്ചിയിൽ കിട്ടുന്നുണ്ടെന്നുള്ള പ്രസ്താവത്തിനാധാരം പറഞ്ഞതു് മെമ്പർ വിശ്വസിക്കുന്നുണ്ടോ?

MR. A. N. VISVANATHA PILLAI : വിശ്വസിക്കാതിരിക്കാൻ മറുകാരണങ്ങളും കാണുന്നതുവരെ ഞാൻ അതു് വിശ്വസിച്ചുതന്നെ ചെയ്യുന്നു.

പിന്നീടു് ഒന്നുനോക്കാനുള്ളതു് തെങ്ങിൻറെ ഉല്പന്നങ്ങൾക്കു് തീരുവചുമത്തുമ്പോൾ ഗവൺമെൻറു കണക്കുകൂട്ടുന്ന താരിപ്പുവിലയെപ്പറ്റിയാണു്. തേങ്ങക്കു് പതിനഞ്ചുരൂപാവിലയുള്ള ഈ അവസരത്തിൽ ഗവൺമെൻറ്വച്ചിരിക്കുന്ന താരിപ്പുവില അതിൻറെമൂന്നിരട്ടിയാണു്. ഇപ്രകാരം താരിപ്പുവില കണക്കാക്കുന്നതിലും ഗവൺമെൻറുഡ്യൂട്ടി പിരിക്കുന്നതിലും നിന്നു് ജനങ്ങൾക്കു് അസാമാന്യമായ നഷ്ടമാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നു് ഈ സന്ദർഭത്തിൽ പ്രത്യേകിച്ചും ഓർക്കേണ്ടതാണു്. ഈ വ്യവസായസംബന്ധമായ എല്ലാകണക്കുകളും തീരേ ഉപയോഗശൂ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Viswanatha Pillai.]

ന്യമാണ്. നമ്മുടെ statistics -ൽ പറയുന്ന Balance of Trade നിശ്ച യിക്കുന്നതു് ഈ താരിപ്പുവിലയുടെ തോതുവച്ചാണ്. ഈ കണക്കി ന്റെ ഉപയോഗശൂന്യത കൊണ്ടു് ആ Balance of Trade തന്നെയും ശരി യായിട്ടല്ല കണക്കാക്കപ്പെട്ടിരിക്കുന്നതു്. റബ്ബർകൃഷി, നെൽകൃഷിമുത ലായവയ്ക്കു് ഗവൺമെൻറിൽനിന്നും ചിലആനുകൂല്യങ്ങൾ സമീപകാലത്തു തന്നെ ചെയ്തുകൊടുത്തിട്ടുണ്ടു്. നെൽകൃഷിയ്ക്കു് ഉപയോഗിക്കുന്ന സ്ഥല ങ്ങൾക്കു് പന്ത്രണ്ടു് ശതമാനവും റബ്ബർ കൃഷിചെയ്യുന്നസ്ഥലങ്ങൾക്കു അ ൻപതുശതമാനവും കരംകുറച്ചിട്ടുണ്ടു്. തെങ്ങുകൃഷിയെപോലെ തിരുവി താംകൂറിൽ സാർവത്രികമായ കൃഷിമറെറാന്നില്ല. റബ്ബർകൃഷിയിൽ നി ന്നുംകിട്ടിയിരുന്ന ആദായംപോലെ തെങ്ങുകൃഷിക്കാർക്കു ഒരുകാലത്തും അ ദായം കിട്ടിയിട്ടില്ലെന്നുള്ളതു ഒരു പരമാർത്ഥംമാത്രമാണു്. തിരുവിതാം കൂറിലെ നെൽകൃഷികൊണ്ടു് തിരുവിതാംകൂർകാർക്കു് ആവശ്യത്തിനു് മ തിയാകുംവണ്ണമുള്ള നെല്ലു് കിട്ടിവരുന്നില്ല. അതുകൊണ്ടു് സാമാന്യജ നങ്ങൾക്കു് ആഹാരത്തിനുള്ള വഴിപോലും ഈ തെങ്ങുകൃഷിയിൽ നിന്നാ ണുണ്ടാകേണ്ടതു്. മറാവശ്യങ്ങൾക്കും ഇതുതന്നെയാണാശ്രയം. മലബാ റും കൊച്ചിയുമാണു് തെങ്ങുകൃഷിയിൽ നമ്മളോടു മത്സരിക്കുന്നതെന്നും അതിനെതെളിയിക്കുവാൻ ഗവൺമെൻറു ചില കണക്കുകൾ ഉദ്ധരിക്കുന്ന തായും കാണുന്നുണ്ടു്. ഈ കണക്കുകൾ തീരെ അടിസ്ഥാനരഹിതങ്ങ ളാണെന്നാണു് എനിക്കു് അതിനെപ്പററിപറയാനുള്ളതു്. നമ്മോടുമ ത്സരിക്കുന്നവർ മലബാറും കൊച്ചിയുമല്ലാ പ്രത്യുത സിലോൺകാരാണു നമ്മുടെ എതിരാളികൾ. അവിടെയാകട്ടെ ഭൂനികുതിയില്ല. Export Duty യും ഇല്ല. ഇപ്രകാരമുള്ള ഒരുരാജ്യത്തോടാണു് തിരുവിതാംകൂർ മത്സരി ക്കേണ്ടതു. നാളികേരത്തിന്റെവില ദിനംപ്രതി കുറഞ്ഞുവരുന്നതുകൊ ണ്ടു് ഇന്നു തെങ്ങുകൃഷി തിരുവിതാംകൂറിൽ അധഃപതിച്ചിരിക്കുന്നു. തെ ങ്ങിൽനിന്നുകിട്ടുന്ന ആദായംകൊണ്ടു അതിന്റെ സംരക്ഷണത്തിനുപോ ലും മതിയാകുന്നില്ല. വസ്തുക്കളിൽവളമിട്ടു വേലചെയ്യുന്നതിനു തെങ്ങുകൃ ഷിക്കാരനു് പണമില്ല. വസ്തുക്കൾ കിളയ്ക്കുന്നതിനുപോലും അവർമടി ക്കുന്നു. കരംകൊടുക്കുന്നകാര്യം പറയേണ്ടതുമില്ല. റവന്യൂഡിപ്പാർട്ട മെൻറിലെ ഇക്കഴിഞ്ഞ ഒന്നരണ്ടുകൊല്ലത്തെ കണക്കുകൾ പരിശോധി ക്കുന്നതായാൽ കരംകൊടുക്കുന്നതിൽ തെങ്ങുകൃഷിക്കാരുടെ നിവൃത്തിയി ല്ലായ്മ ധാരാളമായി തെളിഞ്ഞു കാണുവാൻകഴിയും. വ്യവസ്സെസ് ക മ്മിഷണരുടെ പ്രസംഗത്തിൽ കയറിനു് നമുക്കു Monopoly ഉള്ളതായി അദ്ദേഹം പറയുക ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരുകാര്യം നാം ഓർക്കേണ്ടതായിട്ടുണ്ട്. നമ്മുടെ കയറിന് Monopoly ഉണ്ടെന്ന് അദ്ദേഹംപറയുന്നു. എന്നാൽ Dutch, East Indies, Philiphines, Ceylon, മുതലായ സ്ഥലങ്ങളിൽ കയർ ഉണ്ടാക്കുന്നതിനുതന്നെയും ശ്രമിച്ചുവരുന്നുണ്ട്. കൂടാതെ കയറിന് സബ്സ്റ്റിറ്റ്യൂട്ട് കണ്ടുപിടിക്കുന്നതിനും ഇപ്പോഴും പലരും ശ്രമിച്ചുവരുന്നുണ്ട്. ജൂട്ട്, wool, goats hair, റബ്ബർ മുതലായസാധനങ്ങൾകൊണ്ട് കയർഉണ്ടാക്കാം. ഇപ്രകാരം കയറുമതി തീരുവവെച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഈ രാജ്യത്തിൽ ഈ വ്യവസായം നശിച്ചുപോകുന്നതാണ്. മുമ്പ് ഇൻഡ്യയിൽ saltpeter വ്യവസായം വളരെ അഭിവൃദ്ധിയിൽ ഇരുന്നിരുന്നു. അതിന് കയറുമതി തീരുവവച്ചതുനിമിത്തം ആ വ്യവസായം നശിക്കുന്നതിനിടയായി. അതുപോലെ നമ്മുടെ ഈ Coir Industry-യും നശിച്ചുപോകാനിടയുണ്ട്. തന്നെയുമല്ല, ഇതു് സാധുക്കളായ അനേകം ആളുകളുടെ—അനേക ലക്ഷം ആളുകളുടെ ഉപജീവനമാർഗ്ഗമാണ്. വിശേഷിച്ചും ഈ രാജ്യത്തെ സാധുക്കളായ സ്ത്രീകൾ കയർവ്യവസായത്തിൽ ധാരാളമായി ഏർപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ വ്യവസായത്തിന്റെ അധഃപതനം അവരെ സാരമായവിധം സ്പർശിക്കുമെന്നുള്ളതിന് സംശയമില്ല. കയറിന്റെഡ്യൂട്ടി എടുത്തുകഴിഞ്ഞാൽ അവർക്കു കിട്ടുന്ന ആദായം ഈ സാമ്പത്തികാധഃപതനകാലത്തു് ഒരു സഹായമായിത്തീരുന്നതാണ്. ജർമ്മനിതന്നെയും കയറിന് substitue കണ്ടുപിടിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. അതിനാൽ നമ്മുടെ ഗവണ്മെൻറ് കയർ ഇൻഡസ്ട്രിക്ക് എക്സൈസ്ഡ്യൂട്ടിവെച്ച് അതിന്റെ അഭിവൃദ്ധിയെ തടയുകയാണെങ്കിൽ നമ്മുടെ കയറിനിപ്പോഴുള്ള മാർക്കറ്റുതന്നെയും പൊയ്പോകുമെന്നും ആ വ്യവസായം നാമാവശേഷമായിപ്പോകുമെന്നുമുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ.

MR. C. O. MADHAVAN: മറുരാജ്യക്കാർ കയറിനുള്ള substitute കണ്ടുപിടിക്കുന്നു എങ്കിൽമാത്രം അങ്ങിനെ ചെയ്താൽപോരേ?

MR. A. N. VISVANATHA PILLAI: Subtitute കണ്ടുപിടിച്ചുകഴിഞ്ഞിട്ട് അതിനെപ്പറ്റി ആലോചിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം?

LIBRARY ARCHIVES Kerala Legislative Assembly

MR. K. MADHAVAN PILLAI : ഇപ്രകാരം substitue വന്നു കഴിഞ്ഞതിന്റെ ശേഷം ഈ വ്യവസായത്തിന് നല്ല മാർക്കറ്റ് കിട്ടുമോ?

MR. A. N. VISVANATHA PILLAI : ഒരിക്കലും കിട്ടുകയില്ല. മരിച്ചുവരെ ജീവിപ്പിക്കുന്നതുപോലെയാണത് .

MR. C. O. MADHAVAN : എക്സൈസ് ഡ്യൂട്ടി കുറയ്ക്കുന്നതുകൊണ്ട് substitute കൾ ഉണ്ടാക്കുകയില്ലേ?

MR A. N. VISVANATHA PILLAI: ഉണ്ടായാൽ നമുക്കവരോട് മത്സരിപ്പാൻ സാധിക്കും.

ഇനി ആയിൽ ഇൻഡസ്ട്രിയെപ്പറ്റിയാണ് പറയാനുള്ളത്. നാല്പതുകൊല്ലമായിട്ട് ഈ ആയിൽ ഇൻഡസ്ട്രിക്കു വേണ്ടത്രത്തോളം പ്രോത്സാഹനം ഗവണ്മെൻറ് കൊടുത്തുകൊണ്ടിരിക്കുന്നു. എന്നിട്ടും അവക്ക് യാതൊരു ഉയർച്ചയും ഇതുവരെ ഇല്ലാതിരിക്കുന്ന സ്ഥിതിക്ക് എന്തിനാണ് ഇനിയും അവരെ support ചെയ്യണമെന്നു ഗവണ്മെൻറ് വിചാരിക്കുന്നത്? ഇത്രയും കാലമായിട്ടും അവക്ക് സ്വന്തം കാലിൽ നിൽക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ഇനി ഒരിക്കലും നിൽക്കുവാൻ സാധിക്കുകയില്ലെന്നാണ് അതിൽനിന്നു അനുമാനിക്കേണ്ടത്.

MR. C. O. MADHAVAN : ഈ oilmill കാർക്ക് നാല്പതുകൊല്ലമായി പ്രോത്സാഹനം കൊടുത്തുവരുന്നു എന്നു പറയുന്നതിന് എന്താണ് അടിസ്ഥാനം?

MR. A. N. VISVANATHA PILLAI: നാല്പതു കൊല്ലമെന്നാണ് എന്റെ അറിവ്. അതിൽ തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിന് വിരോധമില്ല. ധനതത്വശാസ്ത്രപ്രകാരം നോക്കിയാലും എക്സൈസ്സ് ഡ്യൂട്ടിവെച്ച് ഒരു വ്യവസായത്തെ തടയുന്നതു നല്ലതല്ല. ഇവിടത്തെ ആയിൽ ഇൻഡസ്ട്രിയോടു മത്സരിക്കുന്നതിനു ആയിൽ പാം, നിലക്കടലയെണ്ണ, സോയാബിൽ ആയിൽ, ലിൻസീഡ് ആയിൽ, വെയിൻ ആയിൽ chief animal fat, edible oil from Japan മുതലായി അനേകതരം എണ്ണ വ്യവസായങ്ങളും ഉണ്ട്. മലബാറിലെ സോപ്പുവർക്സുപോലും നമ്മുടെ വെളിച്ചെണ്ണ ഉപയോഗിക്കുന്നില്ല. ടാറാ മുതലായ കോടീശ്വരന്മാരാണ് നമ്മുടെമിൽ ഉടമസ്ഥന്മാരോടു മത്സരിക്കുന്നതെന്നാലോചിക്കുമ്പോൾ അതിന്റെ അവസാനം എങ്ങിനെ ഇരിക്കുമെന്നു മുൻകൂട്ടി അനുമാനിക്കാവുന്നതാണ്. ഈ സ്ഥിതിക്കു, നാളികേരോല്പന്നങ്ങൾക്ക് ഗവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Visvanatha Pillai.]

ണ്മെൻറ് നികുതി വെച്ചുകൊണ്ടിരിക്കുന്നതു് ഒരു തരത്തിലും നീതീകരിക്കുവാൻ പാടില്ലാത്തതാണു്. ഇതിനു ഗവണ്മെൻറു ഭാഗത്തുനിന്നും കൊണ്ടുവരാവുന്ന ഒരു വാദം, ഗവണ്മെൻറിനു് പത്തു ലക്ഷം രൂപായോളം നഷ്ടാവധം എന്നുള്ളതാണു്. ജനങ്ങൾക്കു് ഇതുകൊണ്ടു് പറയത്തക്ക ലാഭം വരികയില്ലെന്നും ഗവണ്മെൻറു പറഞ്ഞേക്കാം. ഈ കാരണങ്ങളാൽ വ്യവസ്ഥിക്കുവാൻ നിവൃത്തിയില്ലെന്നു് ഗവണ്മെൻറു പറയുമായിരിക്കാം. അതു് ഒരു ശരിയായ സമാധാനമായിരിക്കുമെന്നു് എനിക്കു തോന്നുന്നില്ല. ഈ നഷ്ടം പലവിധത്തിൽ പരിഹരിക്കാവുന്നതാണു്. ഈ സഭയിൽ തന്നെ കഴിഞ്ഞദിവസം പാസ്സാക്കിയ തപ്പട്ടിയുടെ എക്സൈസ്സു് വ്യവസ്ഥിതന്നെ ഏകദേശം മൂന്നുലക്ഷം രൂപായോളം നമുക്കു് പുതിയതായി നികുതി കിട്ടുന്നുണ്ടു്. ക്രടാതെ കൊച്ചിഹാർബറിൽനിന്നും നമുക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ആദായം പുതിയ ആദായമാണു്. അതിനും പുറമെ ഗവണ്മെൻറിൽനിന്നും ഏർപ്പെടുത്തിയ Retrenchment കമ്മിറ്റി റിപ്പോർട്ടിൻപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയാൽ ചിലവു് വളരെ കുറയ്ക്കുവാൻ കഴിയുമെന്നുള്ളതും തക്കമറ്റ സംഗതിയാണു്.

അതുകൊണ്ടു് ആ വാദവും ശരിയായിട്ടുള്ളതെന്നാണെന്നു് എനിക്കഭിപ്രായമില്ല. അതിനാൽ ഈ കായ്ക്കളെ എല്ലാം അടിസ്ഥാനപ്പെടുത്തി, സാമ്പത്തികാധഃപതനത്തിൽപ്പെട്ടു് മുങ്ങിച്ചാകാൻ തുടങ്ങുന്ന നാട്ടുകാക്കു് വരുമ്പോൾതുമ്പാകുന്ന ഈ നികുതിയെങ്കിലും ഇളവുചെയ്തുകൊടുത്തു് നാട്ടിലെ ജനങ്ങളെ സഹായിക്കണമെന്നു് ഞാൻ വിനീതമായും എന്നാൽ ഏറ്റവും ശക്തിയോടുകൂടിയും ഈ സഭയെയും ഗവണ്മെൻറിനേയും അറിയിച്ചുകൊണ്ടു് വിരമിക്കുന്നു.

Mr. G. NARAYANA AIYAR: Sir, having heard the Excise Commissioner in support of the maintaining of this duty, I am not convinced that he has made out his arguments on sufficient grounds of public importance. There is illegality in the collection and maintaining of this duty, as was pointed out by another friend. It was clearly pointed out before that the present price of 1000 cocoanuts is only Rs. 15 and the Government is even now maintaining the tariff value of Rs. 48 for 1000 cocoanuts that is not legally justifiable. If the producer has to pay a duty of 5 per cent. on Rs. 15 it may come to only Chs. 21, but the Government are realising even now 5 per cent. of Rs. 48 which comes to Rs. 2-12 As. This will show they are getting more than three times the amount legally due. This duty has been condemned as obnoxious by all civilised Governments. So I pray that this resolution be passed.

LIBRARY ARCHIVES Kerala Legislative Assembly

MR. C. O. MADHAVAN (*Excise Commissioner*) : Sir, I have one or two observations to make on the remarks made by some of the members. The mover of this resolution said that there is a difference of Rs. 10 in the prices in Cochin and Travancore for 1,000 cocoanuts. For 1,000 cocoanuts, the duty comes to only less than Rs. 2½. So the difference in the price on account of duty cannot be anything more than the amount of duty. The abolition of the duty may be an enhancement of the price which the Travancore producer now gets by about Rs. 2 for 1,000 cocoanuts. It cannot be higher. Mr. K. P. Nilakanta Pillai in his speech said that the Administration Report of the year 1107 shows great fall in revenue under export duty, and that it was due to the imposition of export duty and the consequent fall in production. I may inform the House that there was a reduction in the tariff values of several articles, which came into force on 5th Karkatakam 1106, so that when compared to 1106, the year 1107 had a fall of about 25 per cent. That fall had nothing to do with the imposition of duty at all. Then Mr. K. P. Nilakanta Pillai said that the loss resulting from the abolition of the duty on cocoanut products should be made good by raising the tree tax on trees tapped for toddy and also by raising the duty on arrack. I may inform the House that tree tax is not the only revenue obtained from toddy shops. Besides tree tax there is the item of rental. In fact the rental constitutes the main item and tree tax is only of secondary importance. A bidder takes into account how much he has to pay in the shape of rental and how much in the shape of tree tax and how much he can make by running a shop. It is by that calculation that he offers his bid. If we raise the tree tax by Rs. 2 as Mr. K. P. Nilakanta Pillai suggests, in his calculation of the rental which the bidder may be prepared to pay, he will have to make a corresponding reduction to compensate for the loss resulting from the enhancement of tree tax. Then again, with regard to the duty on arrack, here also it is not the duty alone that we get from our arrack shops. Like toddy rentals, we get rentals for our arrack shops. The rentals would depend, to a great extent, upon the price at which the licensee can get arrack for sale, and that price is composed of the duty and supply price payable to the supply contractor. The higher the duty, the lower will be the rental. The selling price of arrack cannot be indefinitely raised without prejudice to consumption. These two suggestions are therefore not of any practical utility. There was then the suggestion of increasing the duty on Jaffna tobacco. It is very doubtful whether the raising of duty on Jaffna tobacco will help us to compensate for this loss. Now the duty on Coimbatore tobacco is Rs. 120. When the duty on Jaffna tobacco is abnormally raised it is likely that people now going in for Jaffna tobacco may throw it aside and take Coimbatore tobacco.

MR. K. K. THOMAS : Was it not raised ?

